പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1555 11.08.2017 -ൽ മറുപടിക്ക്

## ജില്ലാ പൈതൃക മ്യൂസിയം

**ചോദ്യം**
ശ്രീ. എം.മുകേഷ്

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ; | (എ) | എല്ലാ ജില്ലകളിലും പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം എന്നിവിടങ്ങളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ഒഴികെയുള്ള ജില്ലകളിൽ മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്ന തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി നിലവിൽ താലൂക്ക് ഓഫീസ് ആയി പ്രവർത്തിച്ചു വരുന്നതിനാൽ ഇതു മാറ്റി സ്ഥാപിക്കുന്ന മുറയ്ക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | കൊല്ലം ജില്ലയിൽ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഇല്ല. ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുവാൻ കൊല്ലം ഉൾപ്പെടെയുള്ള മറ്റു ജില്ലകളിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ